കേൾക്കേണ്ട ശബ്ദം:

അടുത്ത തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് വോട്ടുതേടാൻ പോകുമ്പോൾ ജനം എന്റെ മുഖത്ത് കാർക്കിച്ച് തുപ്പാൻ ഇടയാക്കരുത്. (ഫ്രാങ്കോ മുളയ്ക്കലിനെ അറസ്റ്റ് ചെയ്യാത്തതിന് എതിരേ കവി ബാലചന്ദ്രൻ ചുള്ളിക്കാട്).

മക്തബ്

1194 ചിങ്ങം 27 1439 മുഹറം 2

വിമതശബ്ദങ്ങളോട് സംസാരിക്കൂ....

എലിപ്പനി പ്രതിരോധ മരുന്നിനെതിരെ നുണപ്രചരണം നടത്തിയെന്ന് ആരോപിച്ച് പ്രകൃതി ചികിത്സകൻ ജേക്കബ് വടക്കുംചേരിയെ അറസ്റ്റ് ചെയ്ത നടപടി വിമത ശബ്ദങ്ങളെ നിശബ്ദമാക്കുന്ന ഫാസിസം തന്നെയാണ്. ഇതുതന്നെയാണ് മഹാരാഷ്ട്രയിൽ സാമൂഹ്യപ്രവർത്തകരെ മാവോവാദി എന്ന ചാപ്പകുത്തി അറസ്റ്റ് ചെയ്ത നടപടിയും.

എലിപ്പനി പ്രതിരോധത്തിനുള്ള 'ഡോക്സിസൈക്ലിൻ' ഗുളിക കഴിച്ചാൽ മറ്റ് അസുഖങ്ങൾ ഉണ്ടാകുമെന്ന് ജേക്കബ് വടക്കുംചേരി പ്രചരിപ്പിച്ചുവെന്നാണ് ആരോപണം. ജേക്കബ് വടക്കുംചേരി പറഞ്ഞത് തെറ്റായിരിക്കാം. എന്നാൽ അതിന് നിയമ നടപടി സ്വീകരിക്കുകയല്ല വേണ്ടത്. അദേഹത്തിന്റെ വാദങ്ങൾ തെറ്റാണെന്ന് സമൂഹത്തിന്റെ മുമ്പാകെ തെളിയിച്ചു കൊടുക്കുകയാണ് വേണ്ടത്. ജേക്കബ് മറ്റൊരു ചികിത്സ ശാസ്ത്രത്തിൽ വിശ്വസിക്കുന്ന ആളാണ്. പ്രകൃതി ചികിത്സ ഇന്ത്യയിൽ നിരോധിച്ചിട്ടില്ല. രാഷ്ട്രപിതാവ് ഗാന്ധിജി അതിന്റെ പ്രചാരകനായിരുന്നു. ദക്ഷിണാഫ്രിക്കയിൽ ആയിരുന്ന കാലത്ത് വ്യാപകമായി പടർന്ന് പിടിച്ച 'പ്ലേഗ്'ന് എതിരെ പോലും അദേഹം പ്രകൃതി ചികിത്സ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രകൃതി ചികിത്സയും ഹോമിയോ ചികിത്സയും ഒക്കെ വ്യാജമാണെന്ന് അലോപ്പതി ഡോക്ടർമാരുടെ വലിയൊരു വിഭാഗം ആരോപിക്കുന്നു. അതുപോലെ അലോപ്പതി ചികിത്സ ശാസ്ത്രീയമല്ലെന്ന് പറയാനുള്ള അവകാശം ജേക്കബിനുണ്ട്. അങ്ങനെ വ്യത്യസ്ത ചികിത്സ ശാഖകൾ തമ്മിൽ ആരോഗ്യകരമായ സംവാദങ്ങൾ നടക്കട്ടെ. അതിലൂടെ ജനങ്ങൾ സത്യം കണ്ടെത്തട്ടെ.

ജനങ്ങളിൽ തെറ്റിദ്ധാരണ പരത്തിയെന്നതാണ് ജേക്കബിന് എതിരെ എടുത്ത കേസ്. ഇത് വ്യത്യസ്ത അഭിപ്രായം പ്രകടിപ്പിക്കുന്ന ആർക്കും എതിരെ പ്രയോഗിക്കാൻ കഴിയുമെന്നതാണ് പേടിപ്പെടുത്തുന്ന കാര്യം. ആണവനിലയം ഉൾപ്പെടെയുള്ള അശാസ്ത്രീയ വികസന നയങ്ങളെ വിമർശിക്കുന്ന ആർക്കും എതിരെ തെറ്റിദ്ധാരണ പരത്തിയെന്ന കുറ്റം ആരോപിക്കാം. സർക്കാർ പറയുന്നതാണ് ശാസ്ത്രീയതയെന്നും എതിർ അഭിപ്രായങ്ങൾ എല്ലാം അശാസ്ത്രീയമാണെന്നും മുദ്രയടിക്കാമല്ലോ.

അലോപ്പതി മരുന്നിന്റെ ശാസ്ത്രീയത തെളിയിക്കുന്നത് ആരാണ്? മിക്കവാറും മരുന്നുകളുടെ കാര്യത്തിൽ മരുന്ന് കമ്പനികൾ തന്നെയാണ് ശാസ്ത്രീയ അവകാശവാദം ഉയർത്താറുള്ളത്. 1960കളിൽ ജപ്പാനിൽ പടർന്ന് പിടിച്ച സ്മോൺ എന്ന മാരകരോഗം- കൈകാലുകൾ തളർന്നുപോവുകയും അന്ധരാവുകയും ചെയ്യുന്നത്- വയറിളക്കത്തിന് നൽകിവരുന്ന 'ക്ലയോകിനോൾ' അടങ്ങിയ മരുന്നിന്റെ ഫലമാണെന്ന് പിന്നീട് കണ്ടെത്തുകയുണ്ടായി. ഒലി ഹാൻസൺ എന്ന ഡോക്ടർ എട്ടുവർഷം നീണ്ടുനിന്ന നിയമയുദ്ധത്തിലൂടെയും മറ്റുമായിരുന്നു ഔഷധമേഖലയിലെ കുത്തക കമ്പനിയായ സീബാഗിയുടെ മെക്സാഫോം, എന്റോവയഫോം എന്നീ മരുന്നുകളിൽ 'ക്ലയോകിനോൾ' എന്ന രാസവസ്തു അടങ്ങിയിട്ടുണ്ടെന്ന് തെളിയിച്ചത്. അന്ന് സീബാഗി പറഞ്ഞത് തങ്ങളുടെ മരുന്നുകൾ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണെന്നായിരുന്നു.

അമേരിക്കയിൽ മാത്രം പ്രതിവർഷം ചികിത്സാജന്യരോഗങ്ങൾ മൂലം ഒരുലക്ഷംപേർ മരിക്കുന്നുണ്ടെന്നാണ് കണക്ക്. പത്ത് ലക്ഷംപേർ അവശതയനുഭവിക്കുന്നു. ഇതിനെല്ലാം പ്രധാന കാരണം 'ശാസ്ത്രീയ'മരുന്നുകളാണ്. അവിടെ ചികിത്സാജന്യരോഗങ്ങൾക്ക് നിയമ നടപടി സ്വീകരിക്കാം. പതിനായിരക്കണക്കിന് കേസുകളിൽ രോഗികൾക്ക് അനുകൂലമായ വിധിയുണ്ടായിട്ടുണ്ട്. ഇവിടെയോ?

ഒരു രോഗിയുടെ മരണവുമായി ബന്ധപ്പെട്ട് ജേക്കബ് വടക്കുംചേരിക്കെതിരെ നേരത്തെ കേസെടുത്തിരുന്നു. എന്നാൽ അലോപ്പതി മേഖലയിൽ ഡോക്ടറുടെ അനാസ്ഥ കൊണ്ടുപോലും രോഗി മരണമടഞ്ഞാൽ കേസെടുക്കുന്നതിന് എതിരെ പതിവായി പ്രക്ഷോഭം നടത്തുന്നവരാണ് അലോപ്പതി ഡോക്ടർമാരുടെ സംഘടന. വ്യത്യസ്ത ചികിത്സ മേഖലക്ക് വ്യത്യസ്തമായ നീതിയാണോ! കേരളത്തിൽ എലിപ്പനി ബാധിച്ച് എത്രപേർ മരിച്ചു. പോകട്ടെ, സാധാരണ പനി ബാധിച്ച് എത്രപേർ മരണമടഞ്ഞു. അത്തരം മരണങ്ങളൊക്കെ നടന്നത് ഏത് ചികിത്സയുടെ ഫലമായിട്ടാണ്. ആരാണ് അതിന് ഉത്തരവാദിത്തമേൽക്കേണ്ടത്. പക്ഷിപനിക്കും പന്നിപനിക്കും ഒരേ മരുന്ന് നൽകിയവർ ആരാണ്. മുൻ അമേരിക്കൻ വിദേശകാര്യ സെക്രട്ടറി ഡൊണാൾഡ്, റംസ്ഫെൽഡിന്റെ റോച്ചേ കമ്പനിയുടെ 'ടാമിഫ്ളൂ' എന്ന മരുന്നായിരുന്നു അതെന്നും ഓർക്കണം.

മരുന്ന് കമ്പനികൾ നൽകുന്ന കുറിപ്പടി അനുസരിച്ച്, ചിലരൊക്കെ മരുന്ന് കമ്പനികൾ നൽകുന്ന പാരിതോഷികവും കൈപ്പറ്റിയാണ് രോഗികൾക്ക് കുറിപ്പടി നൽകുന്നതെന്നത് രഹസ്യമല്ല. എന്നിട്ട് ഇക്കൂട്ടർ പറയുന്നു ഹോമിയോ ചികിത്സ നിരോധിക്കണമെന്ന്. എലിപ്പനിക്ക് ഹോമിയോയിൽ മരുന്നുണ്ടെന്ന പ്രചാരണമാണ് ഐ.എം.എയെ പ്രകോപിപ്പിക്കുന്നത്. കുട്ടികൾക്ക് ഒട്ടും ഗുണകരമല്ലാത്ത ബ്രാൻഡഡ് ഭക്ഷ്യവസ്തുക്കൾക്കും കൊക്കകോളയ്ക്കും സർട്ടിഫിക്കേറ്റ് നൽകിയവരാണ് ഇക്കൂട്ടർ. ചികിത്സയെ തനി കൊള്ളയാക്കി മാറ്റിയ എത്രയോ ആശുപത്രികളുണ്ട്. 'അപ്പോത്തിക്കരി' എന്ന മലയാള ചലച്ചിത്രം ഓർമ്മയില്ലേ. ചികിത്സയിലെ അധാർമ്മികതയുടെ ഞെട്ടൽ ഉളവാക്കുന്നതാണ് പ്രസ്തുത സിനിമ. ഐ.എം.എ അതുകൊണ്ട് ആദ്യം സ്വയം ചികിത്സിക്കട്ടെ.

ലോകത്ത് ആയുധമാഫിയ കഴിഞ്ഞാൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് ഔഷധ മാഫിയയാണ്. അത് പ്രവർത്തിക്കുന്നത് അലോപ്പതി ഡോക്ടർമാരിലൂടെയാണ്. ഇപ്പോഴിതാ ഓൺലൈനിലൂടെയും മരുന്നുകൾ വാങ്ങാവുന്ന നിയമം സർക്കാർ കൊണ്ടുവരാൻ പോകുന്നു. സ്വന്തം ചികിത്സ മേഖലയെ സംശുദ്ധമാക്കാൻ നോക്കൂ ഡാക്കിട്ടർമാരെ. എന്നിട്ട് മറ്റ് വൈദ്യശാസ്ത്ര മേഖലകളുമായി സംവാദത്തിന് തയ്യാറാകൂ. അതിന് പകരം ഏതെങ്കിലും വൈദ്യശാസ്ത്രമേഖലയെ നിരോധിക്കുക, വിമർശനം ഉന്നയിക്കുന്നവരുടെ നാവരിയുക തുടങ്ങിയ നടപടികൾ കോർപ്പറേറ്റ് മരുന്നു കമ്പനികൾക്കുവേണ്ടിയുള്ള ദാസ്യവേലയാണ്.

അനധികൃത പാർക്കിംഗിനെത്തുടർന്ന് കരുവഞ്ചാൽ ടൗണിൽ അനുഭവപ്പെടുന്ന ഗതാഗതകുരുക്ക്

അനധികൃത വാഹന പാർക്കിംഗ്; കരുവഞ്ചാലിൽ ഗതാഗതക്കുരുക്ക് പതിവായി

ആലക്കോട്: മലയോര മേഖലയിലെ പ്രധാന വാണിജ്യ കേന്ദ്രമായ കരുവഞ്ചാൽ ടൗൺ രൂക്ഷമായ ഗതാഗതകുരുക്കിന്റെ പിടിയിലായി. സ്വകാര്യ വാഹനങ്ങളുടെ അനധികൃത പാർക്കിംഗിന് കാരണം ടൗണിലെ വീതികുറഞ്ഞ മാർക്കറ്റ് ജംഗ്ഷനിലും പരിസരങ്ങളിലുമാണ് ഏറ്റവുമധികം കുരുക്ക് അനുഭവപ്പെടുന്നത്. റോഡിന്റെ ഇരുവശങ്ങളിലും വാഹനങ്ങൾ തോന്നുന്നത് പോലെ നിർത്തിയിടുന്നത് കാരണം മെയിൻ റോഡിൽ ഏറെ സമയം ഗതാഗതം തടസപ്പെടുകയാണ്. വായാട്ടുപറമ്പ് റോഡ് ജംഗ്ഷനിലും ഗതാഗതകുരുക്ക് തുടർക്കഥയാണ്. കരുവഞ്ചാൽ പാലം, ന്യൂബസാർ എന്നിവിടങ്ങളിലും ഗതാഗതകുരുക്ക് നിത്യസംഭവമാണ്. അനധികൃത പാർക്കിംഗിനെതിരെ അധികൃതർ കർശന നടപടികൾ സ്വീകരിക്കണമെന്ന് നാട്ടുകാഷറപ ആവശ്യപ്പെട്ടു. കരുവഞ്ചാൽ ടൗണിൽ സമഗ്ര ട്രാഫിക്ക് പരിഷ്ക്കാരം നടപ്പിലാക്കണമെന്നും ആവശ്യമുയർന്നിട്ടുണ്ട്. പഞ്ചായത്തിന്റെയും പോലീസിന്റെയും നേതൃത്വത്തിൽ സർവകക്ഷി യോഗം വിളിച്ച് ചേർത്ത് ഗതാഗതകുരുക്ക് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് ആവശ്യം.

കരിവെള്ളൂരിലെ ബാർബർ ഷോപ്പ് അക്രമം; പോലീസ് കേസെടുത്തു

പയ്യന്നൂർ: കരിവെള്ളൂരിൽ ബാർബർ ഷോപ്പ് അടിച്ചു തകർത്ത സംഭവത്തിൽ പയ്യന്നൂർ പോലീസ് കേസെടുത്തു. മറ്റൊരു ബാർബർ ഷോപ്പുടമയെ ക്വട്ടേഷൻ നൽകി ആക്രമിച്ച കേസിൽ റിമാന്റിൽ കഴിയുന്ന കരിവെള്ളൂർ കൊഴുമ്മലിലെ എൻ.വി.വിനോദിന്റെ പെരളത്തെ ഗ്ലാമർ ബാർബർ ഷോപ്പാണ് കഴിഞ്ഞ ദിവസം അക്രമികൾ അടിച്ചു തകർത്തത്. സംഭവത്തിൽ വിനോദിന്റെ ഭാര്യ രമ്യ നാരായണന്റെ പരാതിയിലാണ് കേസെടുത്തത്. അറത്തിപ്പറമ്പിൽ കൃഷ്ണനും മറ്റ് ചിലരും ചേർന്ന് കട അടിച്ചു തകർത്തെന്നാണ് പരാതിയിൽ പറയുന്നത്. ഷട്ടറിന്റെ പൂട്ട് തകർത്ത് അകത്ത് കയറിയ അക്രമികൾ രണ്ട് കസേരകൾ, എ.സി, ടെലിവിഷൻ, കണ്ണാടികൾ, വാതിൽ എന്നിവ അടിച്ചു തകർത്തു. ഒരു ലക്ഷം രൂപയുടെ നഷ്ടമാണ് കണക്കാക്കുന്നത്. നേരത്തെ ചാർജ് കുറച്ച് മുടിവെട്ടുന്നതുമായി ബന്ധപ്പെട്ടുണ്ടായ തർക്കത്തിൽ മറ്റൊരു ബാർബർ ഷോപ്പുടമക്കെതിരെ വിനോദ് ക്വട്ടേഷൻ നൽകി അക്രമിച്ചിരുന്നു. ഈ കേസിൽ അറസ്റ്റിലായ വിനോദ് റിമാന്റിൽ കഴിയുകയാണ്.

ആലക്കോട് എൽ.ഐ.സി സാറ്റ്ലൈറ്റ് ബ്രാഞ്ച് അനുവദിച്ചു

ആലക്കോട്: ആലക്കോട് കേന്ദ്രമായി എൽ.ഐ.സി സാറ്റ്ലൈറ്റ് ബ്രാഞ്ച് ഓഫീസ് അനുവദിച്ചു. എൽ.ഐ.സി തളിപ്പറമ്പ് ഓഫീസിന്റെ കീഴിലെ മൂന്നാമത്തെ സാറ്റ്ലൈറ്റ് ബ്രാഞ്ചായി ആലക്കോട്, നടുവിൽ, ചപ്പാരപ്പടവ്, ഉദയഗിരി പഞ്ചായത്ത് പരിധികൾ ഉൾപ്പെടുത്തിയാണ് ആലക്കോട് ഓഫീസ് അനുവദിച്ചത്. മലയോര മേഖലയിലെ ഏജന്റുമാരുടെയും ഇടപാടുകാരുടെയും ദീർഘകാല ആവശ്യമായിരുന്നു ആലക്കോട് കേന്ദ്രമായി ഓഫീസ് അനുവദിക്കണമെന്നത്. ഡിസംബറോടെ ഓഫീസ് പ്രവർത്തനം ആരംഭിക്കാനാണ് തീരുമാനം. ഇതുമായി ബന്ധപ്പെട്ടുള്ള പോളിസി ഉടമകളുടെയും ഏജന്റുമാരുടെയും യോഗം കഴിഞ്ഞ ദിവസം ആലക്കോട് ചേർന്നു. തളിപ്പറമ്പ് ബ്രാഞ്ച് ചീഫ് മാനേജർ ടി.കെ. സൈമൺ അധ്യക്ഷത വഹിച്ചു. ശ്രീകണ്ഠപുരം മാനേജർ എം.പി. ശ്രീജിത്ത്, അസിസ്റ്റന്റ് മാനേജർ മുഹമ്മദ് അസീസ്, പി.ജെ. ജേക്കബ്, എൻ.ജി. ഗിരീഷ് പ്രസംഗിച്ചു. ബിജു ജയിംസ് സ്വാഗതവും സിബിച്ചൻ അബ്രഹാം നന്ദിയും പറഞ്ഞു. എൽ.ഐ.സി സംബന്ധമായ എല്ലാ സേവനങ്ങളും മലയോര മേഖലയിൽ നിന്നുള്ള ഉപഭോക്താക്കൾക്ക് ആലക്കോട്ടെ ഓഫീസിൽ നിന്ന് ലഭ്യമായിരിക്കുമെന്ന് അധികൃതർ അറിയിച്ചു. ഓഫീസിന് അനുയോജ്യമായ കെട്ടിടം ആലക്കോട് ടൗണിൽ തന്നെ ലഭ്യമാക്കുന്നതിനുള്ള ശ്രമം അധികൃതർ നടത്തിവരികയാണ്.

അലിനാസ് ഹാർഡ്‌വെയറിന്റെ ഉദ്ഘാടനം നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് നിർവഹിക്കുന്നു

അലിനാസ് തളിപ്പറമ്പിൽ പ്രവർത്തനമാരംഭിച്ചു

തളിപ്പറമ്പ: ഹാർഡ്‌വെയർ രംഗത്ത് 21 വർഷത്തെ സേവന പാരമ്പര്യമുള്ള അലിനാസ് ഹാർഡ്‌വെയറിന്റെ തളിപ്പറമ്പിലെ ഷോറൂം പ്രവർത്തനമാരംഭിച്ചു. തളിപ്പറമ്പ താലൂക്ക് ആശുപത്രിക്ക് സമീപം ഹിൽവാലി ബിൽഡിങ്ങിലാണ് അലിനാസ് പ്രവർത്തനമാരംഭിച്ചത്. ഷോറൂമിന്റെ ഉദ്ഘാടനം നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് നിർവഹിച്ചു. വ്യാപാരി ഏകോപന സമിതി പ്രസിഡണ്ട് കെ.എസ്.റിയാസ്, കൗൺസിലർ പി.സിറാജ് സംബന്ധിച്ചു. ഹാർഡ്‌വെയറുകളുടെയും ഫർണ്ണിച്ചർ ഫിറ്റിംഗുകളുടെയും, പൂട്ടുകളുടെയും ഹോൾസെയിൽ, റീട്ടെയിൽ വിൽപ്പന അലിനാസിൽ ഒരുക്കിയിട്ടുണ്ട്. ആങ്കോറ, ജോളി, സ്പൈഡർ, പളാഡിയം, പെക്റ്റ്, യൂറോപ്പ, ലോക്ക് ടെക്, വുഡ്സെറ്റ്, സർദാർ തുടങ്ങിയ ദേശീയ, അന്തർദേശീയ ബ്രാന്റുകളുടെ ഉൽപ്പന്നങ്ങളാണ് ഉപഭോക്താക്കൾക്കായി അലിനാസിൽ തയ്യാറാക്കിയിരിക്കുന്നത്. തളിപ്പറമ്പിലേതിന് പുറമെ മാഹിയിലും അലിനാസിന് ഷോറൂമുണ്ട്. പാപ്പിനിശേരിയിലെ എവൺ ഹാർഡ്‌വെയേർസ് സഹോദരസ്ഥാപനമാണ്. ഫോൺ: 0460 2201250.

മന്ത്രി ശൈലജ നാളെ പ്രളയ ദുരിതാശ്വാസനിധി സ്വീകരിക്കും

ആലക്കോട്: പ്രളയദുരിതബാധിതരെ സഹായിക്കുന്നതിനായുള്ള ഫണ്ട് ആലക്കോട് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നാളെ രാവിലലെ 10ന് ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ.ശൈലജ സ്വീകരിക്കുമെന്ന് പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ അറിയിച്ചു. സംഘടനകൾ, വ്യക്തികൾ തുടങ്ങിയവർ സഹകരിക്കണമെന്ന് പ്രസിഡണ്ട് അഭ്യർത്ഥിച്ചു. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ഗവ. ജീവനക്കാരുടെ ശമ്പളം ഗഡുക്കളായി നൽകുന്നതിനുള്ള സമ്മതപത്രം നൽകുന്നതിനും അവസരമുണ്ടാകും

പരിയാരം മെഡി. കോളേജിൽ സംഘടിപ്പിച്ച വാതരോഗ സെമിനാർ ഡോ.സി.രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

വാതരോഗ സെമിനാറും ശിൽപ്പശാലയും സംഘടിപ്പിച്ചു

പരിയാരം: പരിയാരം മെഡിക്കൽ കോളേജ് ജീവിത ശൈലി ഗവേഷണ വിഭാഗവും ഇന്ത്യൻ റൂമറ്റോളജി അസോസിയേഷനും സംയുക്തമായി വാതരോഗത്തെപ്പറ്റി ഏകദിന സെമിനാറും ശിൽപ്പശാലയും സംഘടിപ്പിച്ചു. വർധിച്ചുവരുന്ന വാതരോഗങ്ങൾ, അതിന്റെ കാരണങ്ങൾ, വാതരോഗം തുടക്കത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പരിശോധന മുറകൾ, നൂതന ചികിത്സാ രീതികൾ എന്നിവയെ പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് പരിപാടി സംഘടിപ്പിച്ചത്. കോശങ്ങളിലെ രോഗപ്രതിരോധ സംവിധാനങ്ങളിലെ താളം തെറ്റിയ പ്രവർത്തനങ്ങളാണ് വാതരോഗങ്ങൾക്കിടയാക്കുന്നതെന്ന് സെമിനാറിൽ പങ്കെടുത്ത വിദഗ്ധർ അഭിപ്രായപ്പെട്ടു. ഇവ തടയാനുള്ള ആധുനിക ചികിത്സാ രീതികൾ ഇന്നുണ്ട്. മുൻകാലങ്ങളിൽ നിന്ന് വിത്യസ്തമായി അലോപ്പതി ചികിത്സയിലെ നൂതന സംവിധാനങ്ങളിലൂടെ വാതരോഗങ്ങൾ പൂർണ്ണമായും ഭേദമാക്കാനാകും. മെഡിക്കൽ കോളേജ് എം.ഡി. സി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രശസ്ത വാതരോഗ വിദഗ്ധരായ ഡോ. ബിനോയ് ജെ. പോൾ, ഡോ. വിനോദ് രവീന്ദ്രൻ, ഡോ. എൻ.വി. ജയചന്ദ്രൻ, ഡോ. അനു അലക്സ് തോമസ്, ഡോ. പി.പി. അനൂപ്, ഡോ. മുജീബ് റഹ്മാൻ, ഡോ. ഇ. സുകേഷ് എന്നിവർ വിഷയം അവതരിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. കെ. സുധാകരൻ അധ്യക്ഷനായി. വൈസ് പ്രിൻസിപ്പാൾ ഡോ. രാജീവ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ബാലചന്ദ്രൻ, ഡോ. സുധാ ബാലകൃഷ്ണൻ, ഡോ. എ.കെ. ജയശ്രീ, ഡോ. ബാലകൃഷ്ണൻ വള്ളിയോട്ട് സംസാരിച്ചു.

പവർലിഫ്റ്റിങ് ചാമ്പ്യൻഷിപ്പ് 15 മുതൽ

കണ്ണൂർ: ജില്ലാ പവർലിഫ്റ്റിംഗ് അസോസിയേഷന്റെ നേതൃത്വത്തിൽ സംസ്ഥാന ജൂനിയർ ഇന്റർ ക്ലബ് പവർലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് (മെൻ ആന്റ് വിമൺ) അൺ എക്വിപ്പ്ഡ് പവർലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് (മെൻ ആന്റ് വിമൺ), ബെഞ്ച് പ്രസ് ചാമ്പ്യൻഷിപ്പ് (മെൻ ആന്റ് വിമൺ) മൽസരങ്ങൾ 15, 16, 17 തീയതികളിൽ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും

പി.ടി. തങ്കപ്പൻ മാസ്റ്റർ അനുസ്മരണവും സാംസ്കാരിക സായാഹ്നവും നാളെ

ആലക്കോട്: ആലക്കോട് സർഗവേദി റീഡേഴ്സ് ഫോറം ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പി.ടി. തങ്കച്ചൻ മാസ്റ്റർ അനുസ്മരണവും സാംസ്കാരിക സായാഹ്നവും നാളെ വൈകുന്നേരം 4.30ന് ആലക്കോട് വ്യാപാരഭവനിൽ നടക്കും. എഴുത്തുകാരൻ വി.എസ്. അനിൽകുമാർ ഉദ്ഘാടനം ചെയ്യും. തുടർന്ന് കണ്ണൂർ കലാക്ഷേത്ര അവതരിപ്പിക്കുന്ന കപി നഃ കവി ലഘുനാടകം നടക്കും.

സ്കൂൾ ഗെയിറ്റിന്റെ പൂട്ട് തകർത്ത് സാമൂഹ്യവിരുദ്ധ വിളയാട്ടം

ആലക്കോട്: പൂട്ടിയിട്ട സ്കൂൾ ഗെയിറ്റിലെ പൂട്ടും ചങ്ങലയും സാമൂഹ്യവിരുദ്ധർ അടിച്ച് തകർത്തു. രയരോം ഗവ. ഹൈസ്കൂളിന്റെ ഗെയിറ്റിന് നേരെയാണ് കഴിഞ്ഞ ദിവസം രാത്രിയിൽ അക്രമം നടന്നത്. സാമൂഹ്യവിരുദ്ധർ സ്കൂൾ കോമ്പൗണ്ടിൽ കയറി അക്രമങ്ങൾ നടത്തുന്നത് പതിവായതിനെത്തുടർന്നാണ് ഗെയിറ്റ് ചങ്ങലയിട്ട് പൂട്ടിയിരുന്നത്. ഇതോടെയാണ് പൂട്ടും ചങ്ങലയും തകർത്തത്. സ്കൂൾ അധികൃതരുടെ പരാതിയിൽ ആലക്കോട് പോലീസ് സ്ഥലത്തെത്തി അന്വേഷണം നടത്തി.

ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കണ്ടറി എഡ്യുക്കേഷൻ
സൗഹൃദ ക്ലബ്ബ്
സർസയ്യിദ് ഹയർ സെക്കണ്ടറി സ്കൂൾ യൂണിറ്റ്
കരിമ്പം
SIR SYED H S S

സർസയ്യിദ് ഹയർസെക്കണ്ടറി സ്കൂളിൽ 'റാഗിങ്ങും സൈബർ കുറ്റകൃത്യങ്ങളും' സെമിനാർ ഡി.വൈ.എസ്.പി കെ.വി. വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

'റാഗിങ്ങും സൈബർ കുറ്റകൃത്യങ്ങളും' സെമിനാർ സംഘടിപ്പിച്ചു

തളിപ്പറമ്പ: സർസയ്യിദ് ഹയർസെക്കണ്ടറി സ്കൂളിൽ സൗഹൃദ ക്ലബിന്റെ ആഭിമുഖ്യത്തിൽ 'റാഗിങ്ങും സൈബർ കുറ്റകൃത്യങ്ങളും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ഡി.വൈ.എസ്.പി കെ.വി. വേണുഗോപാൽ ക്ലാസ് കൈകാര്യം ചെയ്തു. പ്രിൻസിപ്പൾ ഇൻചാർജ് റഹീം പൂങ്കാട്ടിൽ അധ്യക്ഷത വഹിച്ചു. കെ. മുനീറ സംസാരിച്ചു. കെ.പി. ഷീന നായർ സ്വാഗതവും നിവേദിത നന്ദിയും പറഞ്ഞു.

ഭർത്താവിന്റെ സ്മരണാർത്ഥം വസന്ത ഐ.ആർ.പി.സിക്ക് 20 ലക്ഷം കൈമാറി

കണ്ണൂർ: ജില്ലയിലെ ജനകീയ സാന്ത്വന പരിചരണ പ്രസ്ഥാനമായ ഐ.ആർ.പി.സിക്ക് 20 ലക്ഷം രൂപ സംഭാവനയായി നൽകി. എടചൊവ്വയിലെ സരോവരത്തിൽ വസന്ത അശോകനാണ് തന്റെ ഭർത്താവ് അശോകന്റെ സ്മരണാർത്ഥം ഇരുപത് ലക്ഷം രൂപയുടെ ചെക്ക് ഐആർപിസിക്ക് കൈമാറിയത്. ഐ.ആർ.പി.സി ഉപദേശകസമിതി ചെയർമാൻ പി ജയരാജൻ തുക ഏറ്റുവാങ്ങി. സി.പി.എം എടക്കാട് ഏരിയ സെക്രട്ടറി കെ വി ബാലൻ, ഐ.ആർ.പി.സി സെക്രട്ടറി മുഹമ്മദ് അഷ്റഫ്, ചെയർമാൻ പി എം സാജിദ്, സി.പി.എം ഏരിയ അംഗങ്ങളായ ടി. കെ രവീന്ദ്രൻ, രാജീവൻ കെ, എളയാവൂർ ലോക്കൽ സെക്രട്ടറി കെ. ശശീന്ദ്രൻ കെ. വി. ഗോവിന്ദൻ, കെ. എം. അജയകുമാർ, എം.വി പുരുഷോത്തമൻ എന്നിവർ പങ്കെടുത്തു.

വസന്ത അശോകൻ തന്റെ ഭർത്താവ് അശോകന്റെ സ്മരണാർത്ഥം 20 ലക്ഷം രൂപയുടെ ചെക്ക് ഐ.ആർ.പി.സിക്ക് കൈമാറുന്നു

ദീർഘകാലം അജ്മാനിൽ ഇലക്ട്രീഷ്യനായിരുന്നു അശോകൻ. 2018 ജൂലൈ 24 നാണ് അദ്ദേഹം മരണപ്പെട്ടത്. മേലെ ചൊവ്വയിൽ കനകവല്ലി റോഡിലെ ഐ.ആർ.പി.സി. ഡി അഡിക്ഷൻ സെന്ററിലെ ഹാളിന് അശോകന്റെ പേര് നൽകും. അതിന്റെ നാമകരണം അടുത്ത ദിവസങ്ങളിൽ നടക്കും.

ശ്രീകണ്ഠപുരം നഗരസഭയിലെ കോട്ടൂരിലെ കളിസ്ഥലം കാടുകയറിയ നിലയിൽ.

മലയോരത്ത് കളിക്കളങ്ങൾ കാടുകയറുന്നു

പി.മനൂപ്

ശ്രീകണ്ഠപുരം: ദേശീയ തലത്തിലടക്കം ഒട്ടേറെ കായിക താരങ്ങളെ സമ്മാനിച്ച മലയോരത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള കളിക്കളങ്ങൾ പോലും സംരക്ഷിക്കുന്നില്ല. കായിക മേഖലയെ പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ സംവിധാനങ്ങൾ മലയോര ഗ്രാമങ്ങളിലില്ലാത്തതിനാൽ വിദ്യാർത്ഥികൾ ജില്ലക്ക് പുറത്തെ സ്പോട്സ് സ്കൂളുകളെയാണ് ഏറെയും ആശ്രയിക്കുന്നത്. ചെങ്ങളായി, പയ്യാവൂർ, ഏരുവേശി, നടുവിൽ , മലപ്പട്ടം, ആലക്കോട്, ഉദയഗിരി പഞ്ചായത്തുകളിലും ശ്രീകണ്ഠപുരം നഗരസഭയിലും നാമമാത്ര കളിസ്ഥലങ്ങളുണ്ടെങ്കിലും അവയൊന്നും സംരക്ഷിക്കുന്നില്ല. കായിക മേഖലയുടെ വികസനത്തിനായി ഓരോ വർഷവും വൻതുക നീക്കി വെക്കുന്നവർ അവ അഴിമതിയുടെ ഭാഗമാക്കുന്ന കാഴ്ചയാണ് ഉള്ളത്. കായിക സ്വപ്നങ്ങൾക്ക് പിന്തുണയേകാൻ കളിസ്ഥലങ്ങൾ വികസിപ്പിക്കേണ്ടവർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തതിനാൽ ശ്രീകണ്ഠപുരം നഗരത്തിലടക്കം കളിക്കളങ്ങൾ കാടുകയറിയ അവസ്ഥയാണുള്ളത്.

സെയിൽസ് സ്റ്റാഫിനെ ആവശ്യമുണ്ട്

തളിപ്പറമ്പിൽ പുതുതായി ആരംഭിക്കുന്ന Wee one Tea സ്ഥാപനത്തിലേക്ക് സ്ത്രീ– പുരുഷ സെയിൽസ് സ്റ്റാഫിനെ ആവശ്യമുണ്ട്. തളിപ്പറമ്പ് സമീപപ്രദേശത്തുള്ളവർക്ക് മുൻഗണന. ആകർഷകമായ ശമ്പളം. പ്രതിമാസം 18,000രൂപക്ക് മുകളിൽ വരുമാനം.

Mob: 9544126288, 8848107134

റബ്ബർ ടാപ്പിംഗ്

പരിചയസമ്പന്നരായ ടാപ്പിംഗ് തൊഴിലാളിയെ ആവശ്യമുള്ള തോട്ടം ഉടമകൾ ഉടൻ വിളിക്കുക

9188878150

ആവശ്യമുണ്ട്

തളിപ്പറമ്പിൽ പ്രവർത്തിച്ചു വരുന്ന മെഡിക്കൽ ഷോപ്പിലേക്ക് സെയിൽസ് സ്റ്റാഫിനെ ആവശ്യമുണ്ട്. മുൻപരിചയമുള്ളവർക്ക് മുൻഗണന.

9877788879